**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*137

12-07-2016 ൽ മറുപടിയ്ക്ക്

**നെൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി**

**ചോദ്യം**

ശ്രീ.എൻ. ഷംസുദ്ദീൻ
ഡോ.എം. കെ. മുനീർ
ശ്രീ.അബ്ദുൽ ഹമീദ് പി.
ശ്രീ. പി.കെ.അബ്ദു റബ്ബ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ നെൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്തെങ്കിലും രൂപപ്പെടുത്തിയിട്ടുണ്ടോ; | (എ) & (ബി) | നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശ് കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിനായി കൃഷിയോഗ്യമായ തരിശ് ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലുള്ള നിയമത്തിന് വിരുദ്ധമായി നെൽവയൽ നികത്തുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. 25 വർഷത്തിനു ശേഷം ആലപ്പുഴയിലെ റാണി കായലിൽ കൃഷിയിറക്കുന്നതാണ്. ഇതിന് മുന്നോടിയായി വെള്ളം വറ്റിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ മെത്രാൻ കായലിൽ കൃഷിയിറക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | എങ്കിൽ ഓരോ ജില്ലയിലും എത്ര ഹെക്ടർ ഭൂമി വീതം നെൽകൃഷിക്ക് ഉപയുക്തമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | | |
| (സി) | നെൽകൃഷി വികസനത്തിന് കർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് നിലവിലുള്ളതെന്നും, കൂടുതലായി എന്തൊക്കെ സഹായങ്ങൾ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വിശദമാക്കുമോ? | (സി) | നെൽകൃഷി വികസനത്തിനായി കർഷകർക്ക് തഴെപ്പറയുന്ന ധനസഹായങ്ങൾ നൽകുന്നതാണ്.<br><br>1.<u>സുസ്ഥിര നെൽകൃഷി വികസന പദ്ധതി.</u><br>2016-2017 സാമ്പത്തിക വർഷത്തേക്കായി |

| | | | |
|---|---|---|---|
| | | | സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ (സുസ്ഥിര നെൽകൃഷിവികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാദികളുടെ ചെലവിനായി 1500/-രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് നൽകുന്നു<br>2.വികസന ഏജൻസികൾക്കുള്ള ധനസഹായം<br>നെൽകൃഷി അഭിമുഖീകരിയ്ക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായ് 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി വികസന ഏജൻസികൾ മുഖാന്തിരം കൃഷി ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിൽ പദ്ധതി നടപ്പിലാക്കിവരുന്നു<br><br>3.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോൽസാഹനം<br>പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) ധനസഹായം നൽകുന്നു.<br>4.പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി.<br>പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 1,25,000 ഹെക്ടർ പ്രദേശത്തേയ്ക്ക് നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്.<br>5.കരനെൽകൃഷി വികസനം<br>സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2560 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 10000/- രൂപ വീതം സബ്സിഡി നൽകുന്നു. ഇതിന് പുറമെ വിത്ത് സൗജന്യമായി നൽകിയിട്ടുണ്ട്<br><br>6.നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ) |

| | | | |
|---|---|---|---|
| | | | നെൽകർഷകർക്ക് ഉൽപ്പാദനബോണസായി ഹെക്ടറിന് 1000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>7.<u>കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ).</u><br>നെൽകൃഷിയ്ക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് രണ്ട് ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-2017 വർഷം 3443 ലക്ഷം രൂപ ഇതിലേക്കായി അനുവദിക്കുകയുണ്ടായി<br>8. <u>ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി</u><br>ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി 243 ലക്ഷം രൂപ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാർ അംഗീകാരത്തിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഓരോ ജില്ലയിലും നെൽകൃഷിക്കുപയുക്തമാക്കുന്ന ഭൂമിയുടെ പദ്ധതി തിരിച്ചുള്ള വിവരം

| നമ്പർ | ജില്ല | സസ്റ്റൈനബിൾ ഡെവെലപ്പ്മെന്റ് ഓഫ് റൈസ്(ഹെ) | പ്രത്യേക നെല്ലിനങ്ങളുടെ വികസനം(ഹെ ) | കരനെൽകൃഷി വികസനം ( ഹെ) | ആകെ (ഹെ) |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1800 | | 250 | 2050 |
| 2 | കൊല്ലം | 1600 | | 200 | 1800 |
| 3 | പതനംതിട്ട | 2400 | | 100 | 2500 |
| 4 | ആലപ്പുഴ | 37000 | 700 | 100 | 37800 |
| 5 | കോട്ടയം | 16000 | | 100 | 16100 |
| 6 | ഇടുക്കി | 800 | | 10 | 810 |
| 7 | എറണാകുളം | 4100 | 402 | 100 | 4602 |
| 8 | തൃശ്ശൂർ | 19000 | 27 | 500 | 19527 |
| 9 | പാലക്കാട് | 73200 | 23 | 200 | 73423 |
| 10 | മലപ്പുറം | 5900 | | 300 | 6200 |
| 11 | കോഴിക്കോട് | 2000 | | 450 | 2450 |
| 12 | വയനാട് | 9000 | 340 | 50 | 9390 |
| 13 | കണ്ണൂർ | 5200 | 8 | 100 | 5308 |
| 14 | കാസർഗോഡ് | 2000 | | 100 | 2100 |
| ആകെ | | 180000 | 1500 | 2560 | 184060 |

സെക്ഷൻ ഓഫീസർ